**ശ്ലീഹാക്കാലം മൂന്നാം ഞായർ**

**ലൂക്കാ 10:25-37**

## പഠിക്കേണ്ട പാഠം

**റവ.ഡോ. ജേക്കബ് ചാണിക്കുഴി**

പല പ്രാവശ്യം കേട്ടിട്ടുള്ള ഒരു ഉപമയായിട്ടല്ല, പല പ്രാവശ്യം യേശു നമ്മെ ഓർമ്മിപ്പിച്ചിട്ടുള്ള കാര്യമായിട്ടു വേണം നല്ല സമരിയാക്കാരന്റെ ഉപമയെ നാം മനസ്സിലാക്കാൻ. പല പ്രാവശ്യം സ്നേഹത്തോടും ക്ഷമയോടും കൂടി യേശു ഓർമ്മിപ്പിച്ചിട്ടും യേശു നമ്മിൽ നിന്നാഗ്രഹിക്കുന്ന പരസ്നേഹ ചൈതന്യത്തിൽ എത്രമാത്രം വളരാൻ കഴിഞ്ഞിട്ടുണ്ട് എന്നു നാം ചിന്തിക്കണം.

യേശുവിനെ പരീക്ഷിക്കാൻ വേണ്ടിയാണ് ആ നിയമജ്ഞൻ യേശുവിനോട് ചോദ്യം ചോദിച്ചതെങ്കിലും അതുവഴി വളരെ സുന്ദരമായ ഒരു കഥയും വളരെ പ്രധാനപ്പെട്ട ഒരു സന്ദേശവുമാണ് ലോകത്തിന് ലഭിക്കാനിടയായത്. ബൈബിൾ വായിച്ചിട്ടില്ലാത്തവർ പോലും ഈ കഥ കേട്ടിട്ടുണ്ടാകും. ഈ കഥയിലൂടെ യേശുവിനെയും അവിടുത്തെ സന്ദേശത്തെയും പരിചയപ്പെട്ടിട്ടുള്ളവർ എത്രയെത്ര. നമ്മെ കുടുക്കാനും തോല്പിക്കാനും ശത്രുക്കൾ കുതന്ത്രങ്ങൾ മെനഞ്ഞാലും അവരുടെ കുതന്ത്രങ്ങളിൽ നിന്നുപോലും നന്മയുണ്ടാക്കാൻ ദൈവത്തിനു കഴിയുമെന്നതിന്റെ ഒരുദാഹരണം കൂടിയാണ് ഈ കഥ.

നിത്യജീവൻ പ്രാപിക്കാൻ എന്തു ചെയ്യണം? എന്ന ചോദ്യത്തിനുള്ള ഉത്തരമായ ഈ കഥ അവസാനിക്കുന്നത്, നീയും പോയി അതുപോലെ ചെയ്യുക എന്ന ഉപദേശത്തോടെയാണ്. നിത്യജീവൻ പ്രാപിക്കാൻ വിശ്വസിച്ചാൽ മാത്രം മതി, പ്രവൃത്തികൾക്ക് യാതൊരു പ്രസക്തിയുമില്ലെന്ന് പഠിപ്പിക്കുന്ന വ്യക്തികളെ നാം ചിലപ്പോൾ പരിചയപ്പെട്ടിട്ടുണ്ടാകും. എന്നാൽ, നമ്മുടെ പ്രവൃത്തികൾക്കും പ്രാധാന്യമുണ്ട് എന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കുന്ന ഒരു കഥയാണിത്. മറ്റു മനുഷ്യരോടുള്ള നമ്മുടെ സഹതാപപൂർവകമായ പെരുമാറ്റത്തിന് ദൈവം എത്രമാത്രം വില കല്പിക്കുന്നുവെന്ന് ഈ കഥ നമ്മെ പഠിപ്പിക്കുന്നു.

ജറുസലേത്തുനിന്നും ജറീക്കോയിലേക്കു യാത്ര ചെയ്ത ആ മനുഷ്യൻ ആരായിരുന്നുവെന്ന് യേശു പറയുന്നില്ല. കൊള്ളക്കാർ അവന്റെ വസ്ത്രങ്ങൾ അപഹരിച്ചാൽ വേഷവിധാനത്തിൽ നിന്ന് അയാളുടെ സമുദായമോ സ്ഥാനമോ ഒന്നും അറിയാൻ പറ്റുമായിരുന്നില്ല. വസ്ത്രങ്ങൾ കൊള്ളക്കാർ കവർന്നെടുത്തു എന്നതിൽ നിന്ന് അവ വില കൂടിയവയായിരുന്നുവെന്ന് നമുക്ക് ഊഹിക്കാം. ഒരു പക്ഷേ, ആ മനുഷ്യൻ ഒരു യഹൂദപുരോഹിതൻ തന്നെ ആയിരുന്നിരിക്കാം. ജറുസലേത്തു നിന്നാണല്ലോ അയാൾ വരുന്നത്. ജറുസലേം ദേവാലയത്തിൽ ശുശ്രൂഷ ചെയ്തിരുന്ന പല പുരോഹിതരും ജറീക്കോയിലാണ് താമസിച്ചിരുന്നതും. അങ്ങനെയെങ്കിൽ, ആ യഹൂദപുരോഹിതനെ ആവശ്യനേരത്തു സഹായിച്ചത് അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ പുരോഹിതരോ, ലേവായരോ അല്ല, പിന്നെയോ, ഒരു യഹൂദപുരോഹിതനെന്ന നിലയിൽ അദ്ദേഹം പോലും ഒരു പക്ഷേ, അവജ്ഞയോടെ കാണുകയും ശത്രുതയോടെ വീക്ഷിക്കുകയും പാഷണ്ഡിയായി കരുതുകയും ചെയ്തിരുന്ന ഒരു സമരിയാക്കാരനാണ്.

മറ്റുള്ളവരെ, അവർക്ക് സമ്പത്തും വിദ്യാഭ്യാസവും സൗന്ദര്യവും സ്ഥാനമാനങ്ങളും സ്വാധീനവും ഇല്ലാത്തതിന്റെ പേരിലോ, അവരുടെ ജാതിയുടെയും മതത്തിന്റെയും വിശ്വാസങ്ങളുടെയും പേരിലോ പുച്ഛിക്കുകയും അകറ്റിനിറുത്തുകയും ചെയ്യുന്നവർക്കുള്ള താക്കീതു കൂടിയാണ് ഈ ഉപമ. ആപത്തുനേരത്ത് അടുത്തുണ്ടാകുന്നത് ആരായിരിക്കുമെന്ന് ആർക്കറിയാം.

പഴയനിയമത്തിൽ അവഗാഹമുണ്ടായിരുന്ന നിയമജ്ഞനോട് യേശു പറയുന്നത് സമരിയാക്കാരനിൽ നിന്ന് പഠിക്കാനാണ്. വിശുദ്ധ ഗ്രന്ഥത്തിൽ അവഗാഹമുണ്ടായിരിക്കുകയും അത് ആധികാരികമായി വ്യാഖ്യാനിക്കുകയും ചെയ്തിരുന്നവരാണ് നിയമജ്ഞർ. അതുകൊണ്ടുതന്നെ വിമതരും പാഷണ്ഡികളുമായ സമരിയാക്കാരുടെ വിശ്വാസങ്ങളെയും പ്രബോധനങ്ങളെയും ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും അവർക്കു കഴിയുമായിരുന്നില്ല. എങ്കിലും തന്റേതിൽ നിന്നും വ്യത്യസ്തമായ വിശ്വാസവും പാരമ്പര്യവുമുള്ള ആ സമരിയാക്കാരനിൽ നിത്യജീവൻ

ലഭ്യമാക്കുന്ന നന്മയും ജീവിതശൈലിയുമുണ്ടെന്നാണ് യേശു ഈ കഥയിലൂടെ യഹൂദനിയമജ്ഞരെയും നമ്മെയും പഠിപ്പിക്കുന്നത്. തങ്ങളുടേതിൽ നിന്നു വ്യത്യസ്തമായ വിശ്വാസങ്ങളും ആചാരങ്ങളുമുള്ളവരെല്ലാം ദൈവത്തിൽ നിന്നും ദൈവികജീവനിൽ നിന്നും അകലെയാണെന്നു കരുതുന്നവർക്കുള്ള ശക്തമായ ഒരു തിരുത്തുകൂടിയാണ് ഈ കഥ.

ഈ ഉപമയിൽ, ദേവാലയത്തോടു ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പുരോഹിതനും ലേവായനും കരുണ കാണിക്കുന്നതിൽ പരാജയപ്പെടുന്നു. പള്ളിക്കാര്യങ്ങളിലും ഭക്താനുഷ്ഠാനങ്ങളിലും തീക്ഷ്ണമായി പങ്കെടുക്കുന്ന എല്ലാവരും കരുണയുള്ളവരായിരിക്കണമെന്നില്ല. കരുണയില്ലാത്തിടത്തോളം കാലം, അവർ നിത്യജീവനിൽ നിന്ന് അകലെയാണു താനും.